തിരുവനന്തപുരത്തെ മൃഗശാല

526 [583] ശ്രീ. വി. ജെ. തങ്കപ്പൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരത്തുള്ള മൃഗശാല മാറി സ്ഥാപിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിലേയ്ക്ക് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(സി) സ്വീകരിച്ചിട്ടുണ്ടെങ്കിൽ എന്തൊക്കെയാണെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) മൃഗശാല തിരുവനന്തപുരത്തുനിന്നും വെള്ളായണിയിലേയ്ക്ക് മാറണമെന്ന ഒരു നിർദ്ദേശം സർക്കാർ പരിഗണിച്ചിരുന്നു. എന്നാൽ ഈ നിർദ്ദേശം പിന്നീട് ഉപേക്ഷിക്കുകയുണ്ടായി. അതുകൊണ്ട് തിരുവനന്തപുരത്തുള്ള മൃഗശാല മാറുന്ന പ്രശ്നം ഇപ്പോൾ ഉദിക്കുന്നില്ല. അത് അവിടെത്തന്നെ നിലനിർത്തുന്നതാണ്.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

തിരുവനന്തപുരം പാറശ്ശാല ട്രെയിൻ ഷട്ടിൽ സർവ്വീസ്

527 [584] ശ്രീ. എസ്. ആർ. തങ്കരാജ്: താഴെക്കാണുന്ന ചോദ്യത്തിന് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നെയ്യാറിൻകര താലൂക്കിലെ വർദ്ധിച്ചുവരുന്ന യാത്രാക്ലേശം പരിഹരിക്കാൻ തിരുവനന്തപുരം–പാറശാല ട്രെയിൻ ഷട്ടിൽ സർവ്വീസ് ആരംഭിക്കാൻ വേണ്ട നടപടി സ്വീകരിക്കാൻ കേന്ദ്രഗവൺമെന്റിനോടാവശ്യപ്പെടുമോ?

ഉത്തരം

തിരുവനന്തപുരം നാഗർകോവിൽ റയിൽവേ റൂട്ടിൽ ഇപ്പോൾത്തന്നെ ദിവസം 4 ജോടി റയിൽ സർവീസുകൾ നടന്നുവരുന്നുണ്ട്. ഇതിനുപുറമേ ധാരാളം ബസ് സർവ്വീസുകളും ഉണ്ട്. ഇനിയും റയിൽവേമുഖാന്തിരം മറ്റൊരു കൂടുതൽ സർവ്വീസുകൾ വേണ്ടിവരും എന്ന് ബോദ്ധ്യപ്പെട്ടിട്ടില്ല.

തലശ്ശേരി റയിൽവേ ദുരന്തം

528 [585] ശ്രീ എം. വി. രാഘവൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലശ്ശേരി റയിൽവേദുരന്തത്തിൽ മരണപ്പെട്ടവരുടെ ആശ്രിതർക്ക് ഗവൺമെന്റ് ഇതുവരെ എന്തെല്ലാം ആശ്വാസനടപടികളാണ് സ്വീകരിച്ചിട്ടുള്ളത്:

LIBRARY ARCHIVES Kerala Legislative Assembly